# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 735.                                                            3..11..2011-ൽ മറുപടിക്ക്

## ഗ്രാമീണ ക്ഷീര വിജ്ഞാനവ്യാപനവും ഉപദേശക സർവ്വീസുകളും ശക്തിപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ഡി. സതീശൻ**<br>**ശ്രീ. കെ. അച്ചുതൻ**<br>**ശ്രീ. സി. പി. മുഹമ്മദ്**<br>**ശ്രീ. കെ. മുരളീധരൻ** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഗ്രാമീണ ക്ഷീര വിജ്ഞാനവ്യാപനവും ഉപദേശക സർവ്വീസുകളും ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) ഗ്രാമീണ മേഖലയിൽ ശുദ്ധമായ പാൽ ഉൽപാദനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രാമീണ വിജ്ഞാന വ്യാപനവും ഉപദേശക പ്രവർത്തനങ്ങളും എന്ന പദ്ധതി. നടപ്പ് സാമ്പത്തിക വർഷം 175 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ കർഷകർക്ക് ഡയറിയിംഗിലെ പുത്തൻ സാദ്ധ്യതകളെ കുറിച്ചുള്ള അറിവ് പകരുക എന്ന ലക്ഷ്യത്തോടെ 11.40 ലക്ഷം രൂപ മുടക്കുമുതലിൽ 1140 കർഷക സമ്പർക്ക പരിപാടി നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കും. ഉത്പാദിപ്പിക്കപ്പെടുന്ന പാലിന്റെ ഗുണനിലവാരം നിലനിറുത്തുന്നതിന്റെ ആവശ്യകത കർഷകരെ ബോദ്ധ്യപ്പെടുത്തുന്നതിനായി 210 ഗുണനിലവാര ബോധവത്കരണ പരിപാടികൾ നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നു. കൂടാതെ എല്ലാ ജില്ലകളിലും ഉപഭോക്തൃ മുഖാമുഖ പരിപാടികളും, ക്ഷീരസംഗമങ്ങളും നടപ്പിലാക്കുന്നുണ്ട്. 138 ബ്ലോക്കുകളിൽ ക്ഷീരസംഗമം പരിപാടികൾ, 2 റീജിയണൽ ഡയറി സെമിനാറുകൾ എന്നിവയും ഗ്രാമീണ വിജ്ഞാനവ്യാപനത്തിനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ലോക ക്ഷീരദിനം ജൂൺ 1-ന് സമുചിതമായി ആചരിക്കുകയുണ്ടായി. കൂടാതെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് |

പത്ര, ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴി ആവശ്യമായ പ്രചരണം നൽകുന്നതിന് പദ്ധതിയിൽ ഉപഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കർഷകരിൽ എത്തിക്കുന്നതിനായി ഒരു വർഷം 4 ലക്കങ്ങളിലായി ക്ഷീരപഥം എന്ന ന്യൂസ് ലെറ്റർ പ്രസിദ്ധീകരിച്ചു വരുന്നു. കൂടാതെ, ക്ഷീരകർഷകർക്ക് ആകസ്മികമായി ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി 15 ലക്ഷം രൂപ മുടക്കു മുതലിൽ കണ്ടിജൻസി ഫണ്ട് രൂപീകരിച്ച് ധനസഹായം നൽകി വരുന്നു. സ്കൂളുകളിൽ സ്റ്റുഡന്റ്സ് ഡയറി ക്ലബ്ബ്, 50 ബ്ലോക്കുകളിൽ ഡയറി ഫാർമർ ഇൻഫർമേഷൻ സെന്റർ, മികച്ച ക്ഷീര കർഷകനുള്ള അവാർഡ് എന്നിവയും നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

| | |
|---|---|
| (ബി) ഇതിനായി സെമിനാറുകൾ ഉപഭോക്തൃ മുഖാമുഖ പരിപാടികൾ, ഗുണനിലവാര ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുവാൻ നടപടി എടുക്കുമോ; | (ബി) ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനത്തിന്റെ ഭാഗമായി സെമിനാറുകൾ, ഉപഭോക്തൃ മുഖാമുഖ പരിപാടികൾ, പാലിന്റെ ഗുണനിലവാര ബോധവത്കരണ പരിപാടികൾ എന്നിവ നടപ്പ് സാമ്പത്തിക വർഷം സംഘടിപ്പിക്കുന്നതിനായി യഥാക്രമം 6 ലക്ഷം, 0.70 ലക്ഷം, 5.25 ലക്ഷം എന്നിങ്ങനെ തുക വകയിരുത്തിയിട്ടുണ്ട് |
| (സി) ഉദ്യോഗസ്ഥന്മാർക്കുവേണ്ടി സെമിനാറുകൾ, ശില്പശാലകൾ പരിശീലനം എന്നിവ നൽകുന്ന കാര്യം പരിഗണിക്കുമോ ? | (സി) ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനു വേണ്ടി ഗ്രാമീണ വിജ്ഞാന വ്യാപന പദ്ധതിയിൻ കീഴിൽ 6.29 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, 2 റീജിയണൽ ഡയറി സെമിനാറുകളും നടത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.